2014-15-ൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

123 (1179) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷത്തിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ ബാച്ചിലും എത്ര കുട്ടികൾ വീതമുണ്ടെന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

2014-15-ൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ ബാച്ചിലുമുള്ള കുട്ടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

മിഷൻ 676 -വിദ്യാഭ്യാസ രംഗത്ത്

124 (1180) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് പുതുകാൽവെയ്പിനായി മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളേയും ഏജൻസികളേയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-ഡി) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676-പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കി പുസ്തക രൂപത്തിൽ പ്രകാശനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly